## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4725 21.10.2011 ൽ മറുപടിയ്ക്ക്

### സൗജന്യ വൈദ്യുതികണക്ഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ കർഷകർക്കും, വികലാംഗർക്കും കാൻസർ രോഗികൾക്കും പ്രത്യേക പദ്ധതി പ്രകാരം 200 മീറ്റർ ദൂരം ലൈൻ വലിച്ച് സൗജന്യമായി കണക്ഷൻ നൽകുന്ന പദ്ധതി നിർത്തലാക്കിയിട്ട് രണ്ട് വർഷമായി എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>(ബി) എങ്കിൽ ഈ പദ്ധതി നിർത്തലാക്കാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ ;<br>(സി) ഈ പദ്ധതി പുന:സ്ഥാപിക്കുമോ ? | (എ) (ബി) (സി) ഉണ്ട്. കർഷകർക്കും വികലാംഗർക്കും ക്യാൻസർ രോഗികൾക്കും ബോർഡിന്റെ ചെലവിൽ ലൈൻ വലിച്ച് വൈദ്യുതി കണക്ഷൻ നല്കിയിരുന്നു. എന്നാൽ, ഇലക്ട്രിസിറ്റി ആക്ട്, 2003 - ന്റെ 46– ാം വകുപ്പ് പ്രകാരം വൈദ്യുതി കണക്ഷൻ ആവശ്യമായ വ്യക്തികളിൽ നിന്നും കണക്ഷൻ നൽകുന്നതിന് ചെലവാകുന്ന തുക ഈടാക്കുന്നതിന് കേരള ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ കേരള ഇലക്ട്രിസിറ്റി സപ്ലൈകോഡ്, 2005 ക്ലോസ് 7(1) പ്രകാരം ബോർഡിന് നിർദ്ദേശം നല്കിയ സാഹചര്യത്തിലാണ് പദ്ധതി നിർത്തലാക്കേണ്ടി വന്നത്. റഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തോടെ മാത്രമേ പദ്ധതി പുന:സ്ഥാപിക്കാൻ കഴിയുകയുള്ളു. |

സെക്ഷൻ ഓഫീസർ